പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1520 | 02.07.2015 ലെ മറുപടിയ്ക്ക്

## കർഷക അത്മഹത്യകൾ

ചോദ്യം

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം എത്ര കർഷക അത്മഹത്യകൾ നടന്നു എന്ന് അറിയിക്കാമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 58 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 4 |
| കൊല്ലം | - |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 2 |
| കോട്ടയം | - |
| ഇടുക്കി | - |
| എറണാകുളം | - |
| തൃശ്ശൂർ | 3 |
| പാലക്കാട് | 12 |
| മലപ്പുറം | - |
| കോഴിക്കോട് | 1 |
| വയനാട് | 26 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 3 |
| **ആകെ** | **58** |

(ബി) മരണപ്പെട്ട കർഷകരുടെ കുടുംബത്തിന് എന്തെങ്കിലും ധനസഹായം പ്രഖ്യാപിച്ചിരുന്നുവോ ; എങ്കിൽ അവ പൂർണ്ണമായും വിതരണം ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആത്മഹത്യ ചെയ്ത 37 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായമായി ആകെ 34,50,000/- രൂപ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ